നമ്പർ.എൽ.എഫ്. / /2015

# ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2013-2014 വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാംവകുപ്പ്, 1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ്ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട | **പി. എ. രഘുനന്ദനൻ** |
| **ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും** | **ഡെപ്യൂട്ടി ഡയറക്ടർ** |

## അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2013-14 | എൽ.എഫ്.ജി.എ.6/659(46)/14/10.10.14 | വിശേഷണങ്ങളില്ലാത്തത് |

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2013-2014 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി,അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതിവിഹിതം,മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്തിന്റെ 22.10.2013 മുതൽ 14.05.2015 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ളപണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 15.05.2015മുതൽ 28.05.2015 വരെ | ശ്രീ.വിജയകുമാർ.എൻ, ഓഡിറ്റ് ഓഫീസർ<br>ശ്രീ.ശ്രീകാന്ത്.സി.എസ്, സീനി.ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രഞ്ജു പ്രകാശ്, ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.ശ്രീദേവി രാജു | 01.04.2013മുതൽ 11.06.2013 വരെ |
| 2 | ശ്രീമതി.ശ്ലമി വാലടിയിൽ | 12.06.2013 മുതൽ 31.03.2014 വരെ |

### 2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. ഗീവർഗ്ഗീസ്.പി.എ | 01.04.2013മുതൽ 31.03.2014 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.ശശികുമാർ.ജി<br>ശ്രീ.ശ്യാംകുമാർ | 01.04.2013മുതൽ 08.07.2013വരെ 09.07.2013 മുതൽ 31.03.2014 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ലതാ ശരവണ | 01.04.2013മുതൽ 31.03.2014 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.രാജേഷ്.ആർ | 01.04.2013മുതൽ 31.03.2014 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി.ശാന്തമ്മ.കെ.എൽ | 01.04.2013മുതൽ 31.03.2014 വരെ |

**4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.എമിൽഡാ റോബിൻസൺ | 01.04.2013മുതൽ 31.03.2014 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.സി.ലത<br>ഡോ.സൈറാബാനു. | 01.04.2013മുതൽ 05.06.2013 വരെ 06.06.2013മുതൽ 31.03.2014 വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.സാഹിനി.എസ്.എസ് | 01.04.2013മുതൽ 31.03.2014 വരെ |
| 4 | വി.ഇ.ഒ | ശ്രീ.തോമസ് ജോൺ | 01.04.2013മുതൽ 31.03.2014 വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.എസ്.ശ്രീലക്ഷമി<br>ഡോ.ശിഖാ സുഗതൻ ഡോ.ലലാസ് ഡോ.എസ്.ശ്രീലക്ഷമി | 01.04.2013മുതൽ 14.10.2013 വരെ 15.10.2013മുതൽ 27.12.2013 വരെ 28.12.2013 മുതൽ 10.01.2014 വരെ 11.01.2014 മുതൽ 31.03.2014 വരെ |
| 6 | മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.അനുപമ.എസ്.പിള്ള | 01.04.2013മുതൽ 31.03.2014 വരെ |
| 7 | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ.റീജ.എൽ.ജെ ഡോ.രാജേന്ദ്രൻ | 01.04.2013മുതൽ 05.11.2013 വരെ 06.11.2013മുതൽ 31.03.2014 വരെ |
| 8 | എച്ച്.എം, ജി.യു.പി.എസ് | ശ്രീമതി.ജ്യോതിലക്ഷ്മി | 01.04.2013മുതൽ 31.03.2014 വരെ |
| 9 | അസിസ്റ്റന്റ്<br>എൻജിനീയർ | ശ്രീമതി.ആഷാറാണി.എ.എസ് | 01.04.2013മുതൽ 31.03.2014 വരെ |

**റിപ്പോർട്ടിന്റെ ഉള്ളടക്കം**

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെക്കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

**ഭാഗം.1. പൊതുഅവലോകനം**

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

**ഭാഗം.2.. വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

**ഭാഗം.3. ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

പഞ്ചായത്തിന്റെ ചെലവു കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

**ഭാഗം.4. ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**.

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

**<u>അനുബന്ധ പത്രികകൾ</u>**

1. ഓഡിറ്റ് ചെയ്ത

2.ബാലൻസ് ഷീറ്റ്

3.റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്

4.ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ട്

5.ഓഡിറ്റ് സർട്ടിഫിക്കറ്റ്.

## ഭാഗം - 1

## പൊതു അവലോകനം

# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ വാർഷിക ബജറ്റ് 25-03-2013 ലെ ഒന്നാം നമ്പർ കമ്മറ്റിതീരുമാന പ്രകാരം പാസ്സാക്കിയിട്ടുണ്ട്. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|
| ബജറ്റ് പ്രകാരം | 75000000 | 74500000 | 500000 |
| വാർഷിക കണക്ക് പ്രകാരം | 70274283 | 59513027 | 10761256 |

അംഗീകരിച്ച ബജറ്റും യഥാർത്ഥ കണക്കും തമ്മിൽ വരവിൽ 4725717/- രൂപയുടേയും ചെലവിൽ 14986793/- രൂപയുടേയും വ്യത്യാസം കാണുന്നു. ദീർഘവീക്ഷണത്തോടുകൂടി ബജറ്റ് തയ്യാറാക്കാത്തതിന്റെ പ്രതിഫലനമാണ് ഈ വ്യതിയാനം. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകൾ

ഓഡിറ്റ് വർഷത്തെ വാർഷിക കണക്ക് 07-06-2014ലെ 39-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വാർഷിക കണക്കുകൾ ഓഡിറ്റിനായി 18-06-2014 ൽ ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 പദ്ധതി അവലോകനം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ വിഭാഗങ്ങളിലായി ആവിഷ്ക്കരിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വിഭാഗം | പദ്ധതികളുടെ വിവരം | | ചെലവ് വിവരം | |
|---|---|---|---|---|
| | ആവിഷ്ക്കരിച്ചത് | നടപ്പാക്കിയത് | വകയിരുത്തിയത് | ചെലവഴിച്ചത് |
| പൊതു വിഭാഗം | 155 | 114 | 34913352 | 21663889 |
| പ്രത്യേക ഘടക പദ്ധതി | 5 | 4 | 1757500 | 1232500 |
| പട്ടിക വർഗ്ഗ വിഭാഗം | 5 | 4 | 351125 | 238775 |
| **ആകെ** | **165** | **122** | **37021977** | **23135164** |

മേഖല തിരിച്ചുള്ള ചെലവ് വിവരം

| വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| ഉല്പാദന മേഖല | 4679020 | 2623200 |
| സേവന മേഖല | 17675314 | 11364807 |
| പശ്ചാത്തല മേഖല | 14667643 | 9147157 |
| **ആകെ** | **37021977** | **23135164** |

# 1-4 ദുരിതാശ്വാസനിധി

2003 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും നിധിയിലേയ്ക്ക് കാര്യമായ വരവില്ല. ജനപങ്കാളിത്തത്തോടെ ദുരിതാശ്വാസനിധിയിലേയ്ക്കുള്ള വരവുകൾ വർദ്ദിപ്പിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതും അതിലൂടെ ഗ്രാമപഞ്ചായത്തിലെ ആലംബഹീനർക്കും ദരിദ്രരായ രോഗികൾക്കും ഒരു കൈതാങ്ങാവേണ്ടതുമാണ്.

# 1-5 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാരുടെ ജോലികൾ ക്രമപ്പെടുത്തിയിട്ടുണ്ട്.

**ഭാഗം - 2**

**വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ പൂർണ്ണമായും ഈടാക്കുന്നില്ല- ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ കുറവ്.

കുമാരപുരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2013-14 വർഷത്തെ സ്ഥാപന നികുതി, തൊഴിൽ നികുതി എന്നിവ പൂർണ്ണമായും ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

എ)തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കയർ സഹകരണ സംഘം നം.316-കൂട്ടംകൈത , കയർ സഹകരണ സംഘം നം 460- കാട്ടിൽ മാർക്കറ്റ് , കയർ സഹകരണ സംഘം നം.600-താമല്ലാക്കൽ , വിക്ടോറിയ കോളേജ്, ഹരിശ്രീ കോളേജ് സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2013-14 വർഷത്തെ ( 1,2 അർദ്ധവർഷങ്ങളിലെ ) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

C.B.S.E അഫിലിയേഷനുള്ള സ്ക്കൂൾ മാനേജ്മെന്റ് , സ്ക്കൂളുകളിലെ അധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ സമാന തസ്തികയിലുള്ള ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിലും അലവൻസിലും കുറയാത്ത തുക നൽകണമെന്ന് 2009 ലെ C.B.S.E അഫിലിയേഷൻ നിയമാവലിയിലെ റൂൾ 3.3(II)

വ്യക്തമാക്കിയിടുണ്ട്. (കേന്ദ്ര സർക്കാരിന്റെ 29.09.2009 ലെ സർക്കുലർ നം.1) .അർദ്ധ വാർഷിക പത്രികകൾ പരിശോധിച്ചതിൽ, കുമാരപുരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2 C.B.S.E സ്ക്കൂളുകളിലെ ജീവനക്കാരിൽ നിന്നും ഈടാക്കിയിരിക്കുന്ന ഫീസ് ഏറ്റവും കുറഞ്ഞ തൊഴിൽ നികുതി നിരക്കുകളായ 120,180 എന്നിങ്ങനെയാണ്.

കൂടാതെ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 12 റേഷൻ കടകൾ, കാർത്തിക ജുവലറി, അറ്റ് ലസ് ജൂവലറി, മൂലയിൽ ജൂവലറി, വിജയാ ജൂവലറി, കൊട്ടാരം ജൂവലറി, എസ്.എസ്.ഫൈനാൻസിയേഴ്സ്, രാമനിലയത്തിൽ ഫൈനാൻസിയേഴ്സ്, എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാന പത്രിക ലഭ്യമാക്കി തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

ബി)<u>സ്ഥാപന നികുതി ഈടാക്കുന്നില്ല.</u>

ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | സ്ഥാപനം | ഒന്നാം പകുതി | രണ്ടാം പകുതി |
|---|---|---|---|
| 1 | ദീപാ ഹോസ്പിറ്റൽ | 1250 | 1250 |
| 2 | എസ്.എസ്. ഫൈനാൻസിയേഴ്സ് | 1250 | 1250 |
| 3 | രാമനിലയത്തിൽ ഫൈനാൻസിയേഴ്സ് | 1250 | 1250 |
| ആകെ | | 3750 | 3750 |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

സി)<u>അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>

2013-14 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ,ടി വർഷം തൊഴിൽ നികുതി ഇനത്തിൽ ഒന്നാം പകുതിയിൽ 4680 രൂപയും രണ്ടാം പകുതിയിൽ 5930 രൂപയും ബാലൻസ് ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിരുന്നു. അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി തുകകൾ പിന്നീട് വരവ് വന്നിടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല.

## 2-2 പരസ്യ നികുതി ഈടാക്കുന്നില്ല.

പരസ്യ നികുതി ഇനത്തിൽ പഞ്ചായത്തിന് 2013-14 സാമ്പത്തിക വർഷം യാതൊരു വരവും ലഭിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ നാഷണൽ ഹൈവേ തീരത്ത് ധാരാളം കമാന ചിത്രങ്ങളും പരസ്യ ചിത്രങ്ങളും സ്ഥാപിച്ചിട്ടുള്ളതായി ഓഡിറ്റിൽ നേരിൽ ബോധ്യപ്പെടുകയുണ്ടായി. എന്നാൽ, ഇവയിൽ നിന്നൊന്നും പഞ്ചായത്ത് നികുതി ഈടാക്കുന്നില്ല. പരസ്യനികുതി ബൈലോ തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നികുതി ഈടാക്കേണ്ടതാണെന്ന് മുൻ റിപ്പോർട്ടുകളിൽ പരാമർശിച്ചിടുണ്ട്. പൊതുവെ തനതു വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിന് ലഭിക്കുമായിരുന്ന വരുമാനം ഈടാക്കുവാൻ സെക്രട്ടറി, ഭരണസമിതി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 പഞ്ചായത്ത് പരിധിയിൽ ധാരാളം കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു-വരുമാന നഷ്ടം.

ഡി ആന്റ് ഒ ലൈസൻസ് എടുക്കാതെ ധാരാളം കടമുറികൾ പ്രവർത്തിക്കുന്നതായി ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യമായി. തുടർന്ന് അവ ഉൾപ്പെടുത്തി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം. 12)ടി കടകളുടെ ഫീസ് ഈടാക്കുന്നില്ലായെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ, പഞ്ചായത്തിന് നഷ്ടമുണ്ടായി കൊണ്ടിരിക്കുന്ന തുക ഈടാക്കുവാൻ ആവശ്യമായ തുടർനടപടി സെക്രട്ടറി, ഭരണസമിതി എന്നിവർ സ്വീകരിക്കേണ്ടതാണ്.

## 2-4 പഞ്ചായത്ത് രജിസ്ട്രേഷൻ എടുക്കാതെ ടൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കുമാരപുരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഹരിശ്രീ കോളേജ്, വിക്ടോറിയ കോളേജ് എന്നീ ടൂട്ടോറിയൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്നതായി കാണുന്നു. ടി നിയമ വിരുദ്ധ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പി.എച്ച്.സിയുടെ വെള്ളക്കരം കുടിശ്ശിക ഒടുക്കൽ - അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ബിൽ നം.10/13-14/21.03.14-₹188300/-

കേരളാ വാട്ടർ അതോറിറ്റിയുടെ 13.3.2014 ലെ ബിൽ നം.3910 പ്രകാരം പി.എച്ച്.സിയുടെ 05/2007 മുതൽ 04/2013 വരെയുള്ള കാലയളവിലെ വെള്ളക്കരം കുടിശ്ശികയായി 188300/- രൂപ ഒടുക്കുവാൻ ഡിമാന്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ₹188300/- അസി.എക്സി.എഞ്ചിനിയർ, വാട്ടർ സപ്ലൈ ഡിവിഷന് നൽകിയിട്ടുണ്ട്. (ബിൽ നം.10/13-14/21.03.14)

കേരളാ വാട്ടർ അതോറിറ്റി നല്കിയിട്ടുള്ള ബില്ലിൽ മീറ്റർ റീഡിംഗ് വിവരം, പ്രതിമാസം സൗജന്യമായി ലഭിക്കുന്ന വെള്ളത്തിന്റെ അളവ് വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആകെ തുകയായി ₹188300/- രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ പ്രതിമാസ വാട്ടർ ചാർജ്, സർവ്വീസ് ചാർജ് എന്നിവ എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. വെള്ളക്കരം ഒടുക്കന്നത് സംബന്ധിച്ച രജിസ്റ്റർ/ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഏത് തീയതി മുതലുള്ള കുടിശ്ശികയാണ് ഒടുക്കാനുള്ളതെന്ന് വ്യക്തമല്ല.

വാട്ടർ അതോറിറ്റിയുടെ ബില്ലിൽ (ഡിമാന്റ് നോട്ടീസിൽ) 05/2007 മുതൽ 04/2013 വരെയുള്ള കാലയളവിലെ വെള്ളക്കരം കുടിശ്ശികയായി 188300/- രൂപ ഒടുക്കുവാനാണ് ഡിമാന്റ് ചെയ്തിരുന്നത്. എന്നാൽ കുടിശ്ശിക ഒടുക്കിയതിന് വാട്ടർ അതോറിറ്റിയിൽ നിന്നും നല്കിയിട്ടുള്ള കൈപ്പറ്റ് രസീതിൽ ( നം.048571/ തീ. 2.4.2014) 09/2008 മുതൽ 04/2013 വരെയുള്ള കുടിശ്ശിക എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നുതന്നെ കുടിശ്ശിക തുക കണക്കാക്കിയിട്ടുള്ളത് കൃത്യമല്ല എന്നത് വ്യക്തമാണ്.

പ്രസ്തുത അപാകതകളിൻമേൽ ആവശ്യമായ വിശദീകരണവും, രേഖകളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.3/20.05.2015)നൽകിയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള വിശദമായ ബിൽ 22.05.2015 ൽ ഓഡിറ്റിൽ ഹാജരാക്കി. പ്രസ്തുത ബിൽ പ്രകാരമുള്ള ഡിമാന്റ് വിവരം താഴെ ചേർക്കുന്നു.

| കാലയളവ് | വാട്ടർ ചാർജ് | സർവ്വീസ് ചാർജ് | പിഴപലിശ | ആകെ |
|---|---|---|---|---|
| ജൂൺ - 2007 മുതൽ ഏപ്രിൽ - 2013 വരെ | 61669 | 142 | 102815 | 164626 |

പ്രസ്തുത കാലയളവിലേക്ക് ₹164626 അടയ്ക്കുവാനുള്ള സാഹചര്യത്തിലാണ് ₹188300/- രൂപ ഒടുക്കുവാൻ ഡിമാന്റ് ചെയ്തത്. തന്മൂലം ₹23674 രൂപ അധികമായി ഒടുക്കിയിട്ടുണ്ട്. ഇത് ക്രമീകരിച്ച് അധികമായി ഒടുക്കിയ തുക തിരികെ ഈടാക്കേണ്ടതാണ്.

വാട്ടർ അതോറിറ്റിയിൽ നിന്നും നൽകിയിട്ടുള്ള ബില്ലിൽ 102815/- രൂപ പിഴപലിശയായാണ് കാണിച്ചിട്ടുള്ളത്. വാട്ടർ ചാർജ് യഥാസമയം ഒടുക്കാതെ ഭീമമായ തുക പിഴപലിശ ഇനത്തിൽ ഒടുക്കിയ നടപടി ക്രമവിരുദ്ധമായി ഓഡിറ്റിൽ കണക്കാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്ഥാപനത്തിന്റെ വെള്ളക്കരം ഒടുക്കന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ടോ, വെള്ളത്തിന്റെ ഉപഭോഗം രേഖപ്പെടുത്തുന്ന മീറ്റർ പ്രവർത്തനക്ഷമമാണോ, വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുള്ള കുടിശ്ശിക തുകയുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടിരുന്നോ, വെള്ളക്കരം ഒടുക്കുന്നതിനായുള്ള വാട്ടർ അതോറിറ്റിയുടെ ബിൽ പ്രതിമാസം / പ്രതിവർഷം ലഭിക്കുന്നുണ്ടോ എന്നിങ്ങനെയുള്ള വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രതിമാസം/ പ്രതിവർഷം നൽകേണ്ടതായ വാട്ടർചാർജ്ജ് എത്രയെന്നുള്ളത് സംബന്ധിച്ചും മറുപടി നൽകിയില്ല.

വെള്ളക്കരം ഒടുക്കുന്നതിനായുള്ള ബിൽ / ഡിമാന്റ് നോട്ടീസ് നൽകുന്നതിൽ വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും അനാസ്ഥയുണ്ടായിട്ടുള്ള പക്ഷം പിഴപലിശ ഒടുക്കുന്നതിൽ നിന്നും സ്ഥാപനത്തെ ഒഴിവാക്കി

കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം പിഴപലിശ ഇനത്തിൽ ഒടുക്കിയ തുക പ്രസ്തുത കാലയളവിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ഭൂരഹിത പുനരധിവാസ പദ്ധതി-ഗുണഭോക്താവിന്റെ അർഹതാരേഖ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം.- എസ്.0169/14

ബിൽ നം.15, തീയതി-31.03.14

തുക-1,50,000/-

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീ.ബാലകൃഷ്ണൻ, കളീക്കൽ കിഴക്കതിൽ എന്ന വ്യക്തി ഹാജരാക്കിയ റേഷൻ കാർഡിന്റെ കോപ്പിയിൽ ടിയാന്റെ ഭാര്യയായ പങ്കജാക്ഷി പെൻഷണർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി മാർഗ്ഗ രേഖയിൽ കുടുംബ വാർഷിക വരുമാനം 25000/-രൂപ അധികരിക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഫയലിൽ, ടിയാളുടെ വരുമാന സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമായിട്ടുള്ളു. ടിയാളുടെ ഭാര്യ വാങ്ങുന്ന പെൻഷൻ ഏതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഭാര്യയുടെ വരുമാന സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. തുടർന്ന്, ടി വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ രേഖകളുടെ അഭാവത്തിൽ 1,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 അംഗൻവാടികളുടേയും,സി.ഡി.എസ് കെട്ടിടത്തിന്റേയും വൈദ്യുതീകരണം - പദ്ധതി പൂർത്തീകരിച്ച് ഭൗതിക ലക്ഷ്യം കൈവരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി. ബിൽ നം: 979/13-14/27.03.14 - ₹25350/-

ഗ്രാമപഞ്ചായത്തിലെ 10 അംഗൻവാടികളുടേയും, സി.ഡി.എസ് കെട്ടിടത്തിന്റേയും വൈദ്യുതീകരണത്തിനായി ₹25350/-യുടെ ഡി.ഡി(നം.717897/29.3.14) ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഹരിപ്പാട് ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനിയറുടെ പേരിൽ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക കെ.എസ്.ഇ.ബി യിൽ അക്കൗണ്ട് ചെയ്തത് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചോ ഇല്ലയോ എന്ന് തെളിയിക്കുന്ന രേഖകളും ഹാജരാക്കിയ ഫയലിൽ സൂക്ഷിച്ചിരുന്നില്ല. പ്രസ്തുത അപാകതകളിൻമേൽ ആവശ്യമായ വിശദീകരണവും, രേഖകളും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/23.05.2015) നിലവിൽ 7 അംഗൻവാടികൾക്കും, സി.ഡി.എസ് കെട്ടിടത്തിനും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളതായും ശേഷിക്കുന്ന 3 അംഗൻവാടികൾ കരുവാറ്റാ കെ.എസ്.ഇ.ബി യുടെ പരിധിയിലായതിനാൽ അവർക്ക് കണക്ഷൻ ലഭിക്കുന്നതിനായുള്ള നടപടികൾ കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു എന്നുമറിയിച്ചുകൊണ്ട് സെക്രട്ടറി ഹാജരാക്കിയ മറുപടി തൃപ്തികരമല്ല.

കെ.എസ്.ഇ.ബിയിൽ തുക ഒടുക്കി ഒരുവർഷത്തിനുശേഷവും പദ്ധതി പൂർത്തീകരിച്ച് ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നത് ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തു നിന്നുള്ള അനാസ്ഥയായി ഓഡിറ്റിൽ കണക്കാക്കുന്നു. ശേഷിക്കുന്ന അംഗൻവാടികളുടെ ( നം. 69, 71, 73 )വൈദ്യുതീകരണം എത്രയും വേഗം പൂർത്തിയാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ഭരണാനുമതി,സാങ്കേതികാനുമതി തുകയിലധികരിച്ച് തുക ചെലവഴിച്ചു.പുതുക്കിയ അനുമതി വിവരങ്ങൾ ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനിയർ

ഗ്രമപഞ്ചായത്തിന്റെ 2011-12 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ അടങ്കൽ തുകയിൽ ക്ലിപ്തപ്പെടുത്തി 31.3.2012 ൽ തന്നെ തയ്യാറാക്കി തുക നൽകിയിരുന്നു. തുടർന്ന് 2013-14 വർഷം പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ എക്സസ് അനുവദിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കി വീണ്ടും തുക നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം പുതിയ പദ്ധതി തയ്യാറാക്കിയപ്പോഴും ഭരണാനുമതി, സാങ്കേതികാനുമതി തുകയിൽ വർദ്ധനവ് വരുത്തിയിരുന്നില്ല. തന്മൂലം ടെണ്ടർ എക്സസ് ഇനത്തിൽ തുക നൽകിയപ്പോൾ പദ്ധതിയ്ക്ക് വകയിരുത്തിയിരുന്ന ഭരണാനുമതി, സാങ്കേതികാനുമതി തുകയിലധികരിച്ച് തുക ചെലവഴിച്ചതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് / കരാറുകാരന്റെ പേര്. | അടങ്കൽ തുക (എ.എസ്, | 11-12 ലെ ചെലവ് (ബിൽ നം.) | 13-14ൽ നൽകിയത് | ബിൽ നം. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ടി.എസ്) | | | |
| 1 | മുതലമുക്ക് കണ്ണന്തറ റോഡ് (കരുണാകരൻ) | 150000 | 150000 ( 71/11-12/31.3.12) | 19130 | 1/13-14/30.4.13 |
| 2 | പ്രീതിഭവനം ശ്യാമളാലയം റോഡ് (സുകുമാരൻ) | 100000 | 100000 ( 48/11-12/31.3.12) | 12413 | 2/13-14/30.4.13 |
| | **ആകെ** | | | **31543** | |

അധിക തുക നൽകിയതു സംബന്ധിച്ച് പുതുക്കിയ ഭരണാനുമതി, സാങ്കേതികാനുമതി, ഡി.പി.സി അംഗീകാരം എന്നിവ ലഭ്യമായിട്ടുള്ള പക്ഷം ആയത് ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/26.05.2015)മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ക്വട്ടേഷൻ ക്ഷണിക്കാതെ സ്റ്റേഷനറി സാധനങ്ങൾ വാങ്ങി.

കുമാരപുരം ഗ്രാമ പഞ്ചായത്ത് ഓഫീസിലേയ്ക്ക് സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയതിന് ഹരിപ്പാടുള്ള സാഗാ പേപ്പർ മാർട്ട് എന്ന സ്ഥാപനത്തിന് 15.04.2013 ലെ 45398 നമ്പർ ചെക്ക് മുഖേന 9979/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ 8.11.2010 ലെ ജി.ഒ.(പി)259/2010 -തസ്വഭവ (സമാഹരണ മാർഗ്ഗ രേഖ) പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 5000/- രൂപയ്ക്ക് മുകളിൽ 24999/-രൂപ വരെയുള്ള തുകയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിന് അംഗീകൃത വിതരണക്കാരിൽ നിന്നും 3 ക്വട്ടേഷനുകൾ വാങ്ങേണ്ടതാണ് . എന്നാൽ, ഇത്തരത്തിൽ ക്വട്ടേഷനുകൾ വാങ്ങാതെയാണ് ടി സാധനങ്ങൾ വാങ്ങിയിട്ടുള്ളത് എന്ന് ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം.5) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ച് പർച്ചേസ് നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ജീവൻധാര കുടിവെള്ള പദ്ധതി നിർജ്ജീവം - അക്കൗണ്ട് നീക്കിയിരുപ്പ് ₹4.23 ലക്ഷം ഉപയോഗപ്പെടുത്തിയിട്ടില്ല.

ജീവൻധാര കുടിവെള്ള പദ്ധതിയ്ക്കായി കുമാരപുരം സർവ്വീസ് സഹകരണ ബാങ്ക് നം.1449 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ 30.08.2006 വരെ മാത്രമെ പണമിടപാടുകൾ നടന്നിട്ടുള്ളു. തുടർന്ന് നാളിതുവരെ പണമിടപാടുകളൊന്നും നടത്തിയിട്ടില്ലാത്ത പ്രസ്തുത അക്കൗണ്ടിൽ പലിശയുൾപ്പെടെ ₹423015/- 31.03.2014 ൽ നീക്കിയിരുപ്പുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തേണ്ട തുക ഇത്തരത്തിൽ ഉപയോഗപ്പെടുത്താതെ നിർജ്ജീവമാക്കിയിട്ടിരിക്കുന്നത് ശരിയായ പ്രവണതയല്ല. അക്കൗണ്ടിൽ ശേഷിക്കുന്ന തുക പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ - കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥനായ അസി . എഞ്ചിനിയറുടെ 2013-2014 വർഷത്തെ ആകെ പദ്ധതി ചെലവായ 99.75 ലക്ഷം രൂപയിൽ 84.73ലക്ഷം രൂപയും (84.94%) ചെലവഴിച്ചിട്ടുള്ളത് റോഡുകളുടെ നിർമ്മാണ / പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായാണ്. എന്നാൽ ജി.ഒ (എം.എസ്.)128/2007/ തസ്വഭവ / 14.7.07(ഖ:5-12) അനുശാസിക്കും പ്രകാരമുള്ള കണക്ടിവിറ്റി പ്ലാൻ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടില്ല. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന എല്ലാ റോഡുകളുടെയും ഒരു ശൃംഖല , അതായത് ഹൈവേയും,മേജർ ജില്ലാറോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങൾ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കേന്ദ്ര ശൃംഖല തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. ഈ പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും, അറ്റകുറ്റപണികളും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾക്കൊള്ളിക്കേണ്ടതാണ്. അതിനുശേഷം ഈ മേഖലയിലെ വിദഗ്ധരുടെ ഒരു യോഗം വിളിച്ച് ചേർത്ത് മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ചു വേണം പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. എന്നാൽ കണക്ടിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് മുൻഗണനാക്രമം നിശ്ചയിച്ചിരുന്നുവോ ?നിശ്ചയിച്ചിരുന്നുവെങ്കിൽ എന്തടിസ്ഥാനത്തിൽ തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. ദീർഘ വീക്ഷണത്തോടെ കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കി റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി.

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ അവിദഗ്ദ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച പദ്ധതിയാണിത്. 2013-14 വർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം:</u>

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 160 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3547 |
| തൊഴിലിനപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2486 |

| | |
|---|---|
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2486 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 193900 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 912 |

2.ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ :

| | |
|---|---|
| ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | 125 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 125 |
| തൻവർഷം പൂർത്തിയാക്കിയത് | 91 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 34 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | -- |

3. വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 16 | 4501984 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 30 | 5822490 |
| 3 | ജലസംരക്ഷണം | 79 | 24637270 |
| | **ആകെ** | **125** | **34961744** |

***ഭാഗം : 4***

***ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും***

-

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സാമ്പത്തിക നില.

| ഇനം<br><br>ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എ | 4203489 | 17374794 | 21578283 | 15746639 | 5831644 |
| ബി | – | 12202528 | 12202528 | 12202528 | -- |
| സി | 3044751 | 4973000 | 8017751 | 6094017 | 1923734 |
| ഡി | 881024 | 5122286 | 6003310 | 5074042 | 929268 |
| ഇ | 1792335 | 17258520 | 19050855 | 17252712 | 1798143 |
| എഫ് | 286128 | 3135428 | 3421556 | 3143089 | 278467 |
| **ആകെ** | **10207727** | **60066556** | **70274283** | **59513027** | **10761256** |

**നീക്കിരിപ്പിന്റെ വിശദാംശങ്ങൾ.**

| ട്രഷറി /ബങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക |
|---|---|---|
| ട്രഷറി | വി.പി.എഫ്-1 | 929268 |

| | | |
|---|---|---|
| " | വി.പി.എഫ്- II(a) | 2323727 |
| ട്രഷറി | വി.പി.എഫ്- II(b) | 446500 |
| " | വി.പി.എഫ്- II(c) | 92500 |
| " | വി.പി.എഫ്- III | 1923734 |
| " | വി.പി.എഫ്- IV | 2338047 |
| " | വി.പി.എഫ്- V | 630870 |
| ജില്ലാ സഹകരണ ബാങ്ക്, ഹരിപ്പാട് | 154 | 183218 |
| പി.എൻ.ബി, ഹരിപ്പാട് | 100927329 | 207652 |
| എസ്.ബി.ടി | 57048132112 | 8654 |
| എസ്.ബി.ടി | 57048142290 | 1158822 |
| കെ.എസ്.സി.ബി-1449 | 2657 | 6261 |
| കെ.എസ്.സി.ബി-1449 | 2802 | 423015 |
| കൈയ്യിരിപ്പ് പണം | | 88988 |
| **ആകെ** | | **10761256** |

# 4-2 ഓഡിറ്റ് റിക്കവറി.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | രസീതു നം/തീയതി | ഏത് ഫണ്ടിൽ തിരിച്ചടച്ചു | ചലാൻ നം./ തീയതി |
|---|---|---|---|---|---|
| 97-98 | 2-25(1) | 300 | 11303101324/05.09.13 | | |
| 98-99 | 3-29 | 1109 | 11303101325/05.09.13 | | |
| 98-99 | 3-43 | 3565 | 11303101360/12.09.13 | | |
| 99-00 | 28-3 | 315 | 1130310311/05.09.13 | | |
| 09-10 | 3-4 | 1000 | 1130310869/25.02.14 | | |
| 10-11 | 2-5 | 2000 | 11303101729/26.10.13 | | |
| ആകെ | | 8289 | | തനത് ഫണ്ട് | -- |

# 4-3 ഓഡിറ്റ് പ്രത്യവലോകനം

**എ) <u>സംക്ഷിപ്ത വിവരം</u>**

| ഇനം | തുക |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് : | 70274283 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് : | 59513027 |
| വരവിനങ്ങളിലുള്ള നഷ്ടം: | 7500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക: | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക: | 206893 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 7500 | -- | ശ്രീ. ഗീവർഗ്ഗീസ്.പി.എ, സെക്രട്ടറി |
| **ആകെ** | **7500** | | |

**സി) തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും,ഉദ്യോഗപേരും |
|---|---|---|
| 3-2 | 150000 | ശ്രീ.തോമസ് ജോൺ, വി.ഇ.ഒ |
| 3-3 | 25350 | ശ്രീ. ഗീവർഗ്ഗീസ്.പി.എ, സെക്രട്ടറി |
| 3-4 | 31543 | ശ്രീമതി.ആഷാറാണി.എ.എസ്, അസി.എഞ്ചിനിയർ |
| **ആകെ** | **206893** | |

**ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നം | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
| --- | --- | --- |
| | ഇല്ല | |

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക നമ്പർ : ഇല്ല.

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.**

| പേരും ഉദ്യോഗപേരും | ഇപ്പോഴത്തെ (ഓഡിറ്റ്നടന്ന സമയം)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം (പിൻ കോഡ് സഹിതം) |
| --- | --- | --- |
| | -- | |

**ജി) ഓഡിറ്റ് സംഗ്രഹം.**

2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റിന് ആവശ്യമായ രേഖകൾ ലഭ്യമാക്കുവാനും, ഓഡിറ്റ് എൻക്വയറികൾക്ക് യഥാസമയം മറുപടികൾ നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും പഞ്ചായത്ത് അധികൃതരുമായുള്ള ഓഡിറ്റ് എൻട്രി മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. ഇതിൻ പ്രകാരം 15 എൻക്വയറികൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടികൾ ലഭ്യമായിട്ടുണ്ട്. തൻവർഷത്തെ പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്തതിൽ കണ്ടെത്തിയ കാര്യങ്ങൾ പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ, പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവരുമായി എക്സിറ്റ് മീറ്റിംഗിൽ ചർച്ച നടത്തുകയും ചെയ്തു.

## 4-4 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അഭിപ്രായകുറിപ്പുകൾ |
|---|---|---|
| 96-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5-1832/11/2.2.12 | ഓഡിറ്റ് അദാലത്ത് |
| 2006-2007 മുതൽ 2009-2010 വരെ | എൽ.എഫ്.എ. ജി.എ.5-1577/13, തീ. 12.05.2014 | ഓഡിറ്റ് അദാലത്ത് |
| 2010-2011, 2011-2012 | എൽ.എഫ്.എ.പി.3-48/13/7.2.13/10.4.13 | |
| 2012-2013 | എൽ.എഫ്.എ.പി.11/79/15/26.3.15/5.5.15 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-5(1) ചാർജ്/സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയ തുകയുടെ വിവരം

| ക്രമനം | ഓ.റി വർഷം | ചാർജ് നോട്ടീസ് നം. തീയതി | സർചാർജ് നോട്ടീസ് നം.തീയതി | തുക | അടവാക്കിയ തുക | പേര്, രസീത് നം./ തീയതി | ബാക്കി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| ----ഇല്ല----- | | | | | | | | |

## 4-5(2) ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയ തുകയുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ചാർജ് സർട്ടി ഫിക്കറ്റ്നം തീയതി | സർചാർജ് സർട്ടിഫിക്കറ്റ്നം./ തീയതി | സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | അടവാക്കിയ തുക | പേര്, രസീത്, തീയതി | ബാക്കി | റവന്യു റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| ഇല്ല | | | | | | | | | |

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ,

ലോക്കൽ ഫണ്ട് ഓഡിറ്റ് , ആലപ്പുഴ ജില്ല.